(ബി) 1982-നുശേഷം അവിടെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണു സംരക്ഷണത്തിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 400 ഹെക്ടർ സ്ഥലം.

(ബി, സി) ടി 400 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി "നാവായിക്കുളം മണ്ണു സംരക്ഷണ പദ്ധതി" തയ്യാറാക്കി മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങിയിട്ടില്ല.

മടവൂർ പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1976 [3048] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മടവൂർ പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപെട്ടിട്ടുണ്ട്;

(ബി) 1982-നു ശേഷം അവിടെ മണ്ണൊലിപ്പു തടയുന്നതിനും മണ്ണു സംരക്ഷണത്തിനുംവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശം 450 ഹെക്ടർ സ്ഥലം.

(ബി, സി) ടി 450 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി മടവൂർ മണ്ണു സംരക്ഷണ പദ്ധതി തയ്യാറാക്കി മേൽ നടപടി സ്വീകരിച്ചുവരുന്നു പദ്ധതി പ്രവർത്തനം തുടങ്ങിയിട്ടില്ല.

നഗരൂർ പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1977 [3049] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട നഗരൂർ പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നു ശേഷം അവിടെ മണ്ണൊലിപ്പു തടയുന്നതിനും മണ്ണു സംരക്ഷണത്തിനും വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly